**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1562** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>തലശ്ശേരി മണ്ഡലത്തിലെ കതിരൂരിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** 2025-26 വർഷത്തെ ബജറ്റിൽ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ), വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) ക്രമനമ്പർ 512 ആയി കായിക വകുപ്പിന്റെ കീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂരിൽ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപ വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2025-26 ബഡ്ജറ്റിൽ 2.00 കോടി രൂപ വകയിരുത്തിയ കതിരൂർ സ്വിമ്മിംഗ് പൂളിന്റെ നിർമ്മാണത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥരും കതിരൂർ പഞ്ചായത്ത് അധികൃതരുമായി സൈറ്റ് സന്ദർശിച്ചിരുന്നു. എന്നാൽ സ്വിമ്മിംഗ് പൂൾ നിർമ്മാണത്തിന് പഞ്ചായത്ത് അധികൃതർ നിർദ്ദേശിച്ച സ്ഥലം അനുയോജ്യമല്ലായിരുന്നു.

**(സി)** പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** മേൽപ്പറഞ്ഞ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**